I ഇ.ബി. XV- കേരള നിയമസഭ/XI-19

**പതിനഞ്ചാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2024 ജൂലൈ 11, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

80(*541) പാർപ്പിട പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് പട്ടയം

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് 'ലക്ഷംവീട് പദ്ധതി', 'ഗ്രാമീണ ഭൂരഹിത ഭവന പദ്ധതി,' രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി, സുനാമി പുനരധിവാസ പദ്ധതി എന്നിവയിലൂടെയും ഫിഷറീസ് - പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ ഉൾപ്പെടെ വിവിധ സർക്കാർ വകുപ്പുകളുടെ പാർപ്പിട പദ്ധതികളിലൂടെയും നിർമ്മിച്ച വീടുകൾക്ക് പട്ടയം നൽകുന്ന നടപടി പുരോഗമിച്ചുവരികയാണെന്ന് സഭയെ അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം ഫണ്ടുപയോഗിച്ച് വാങ്ങിയതോ സൗജന്യമായി

ലഭിച്ചതോ സർക്കാർ കൈമാറിയതോ ആയ ഭൂമി സർക്കാരിലേയ്ക്ക് വിട്ടൊഴിയുന്നതിന് അധികാരം നൽകുന്ന തരത്തിൽ പഞ്ചായത്ത് രാജ്/ നഗരപാലിക നിയമ/ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ചീഫ് സെക്രട്ടറി അധ്യക്ഷനായി സമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. രാജീവ് ഗാന്ധി ദശലക്ഷം പാർപ്പിട പദ്ധതി പ്രകാരം ഭൂമി വിട്ടൊഴിയൽ നടപടികൾ ത്വരിതപ്പെടുത്തി പട്ടയം നൽകുന്ന നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ഇതുവരെ 671 പട്ടയങ്ങൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതി പ്രകാരം വിലയ്ക്ക് വാങ്ങുകയോ ഏറ്റെടുക്കുകയോ ചെയ്ത സ്വകാര്യ ഭൂമിയിൽ നിർമ്മിച്ചുനൽകിയിട്ടുള്ള വീട്/ഫ്ലാറ്റ് എന്നിവയിൽ സ്ഥിരമായി താമസിക്കുന്ന കുടുംബങ്ങൾക്ക് അർഹത ഉറപ്പാക്കി പട്ടയം നൽകിവരുന്നതും പട്ടയം ലഭിക്കാത്ത കുടുംബങ്ങൾക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരം ആയത് നൽകുന്നതുമാണ്. സുനാമി പുനരധിവാസ ഫ്ലാറ്റുകളിൽ താമസിക്കുന്നവർക്ക് ഫ്ലാറ്റ് നിർമ്മിച്ചിട്ടുള്ള ഭൂമി കൂട്ടവകാശമായി കണക്കാക്കി പട്ടയം നൽകുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണിച്ചുവരുന്നു. SOP തയ്യാറാക്കി ഫിഷറീസ്, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതികൾ പ്രകാരമുള്ള വീടുകൾക്ക് പട്ടയം നൽകുന്ന നടപടി

ത്വരിതപ്പെടുത്തുന്നതാണ്. കോട്ടയം ജില്ലയിലെ പമ്പാവാലി-എയ്ഞ്ചൽവാലി പ്രദേശങ്ങളിൽ റീ സർവ്വെ നടത്തി പട്ടയം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, 2016-ൽ ടി പ്രദേശങ്ങളിൽ അനുവദിച്ച പിശകുള്ള പട്ടയങ്ങൾ റദ്ദ് ചെയ്ത് കൃത്യതയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി 1032 പട്ടയങ്ങൾ നൽകിയിട്ടുള്ളതും ശേഷിക്കുന്നവ 2024-ൽ പൂർത്തീകരിക്കുന്നതുമാണ്. 12-12-1996-ന് മുമ്പ് വനേതര ആവശ്യങ്ങൾക്കുവേണ്ടി കൈമാറിയ ഭൂമിക്ക് പരിവേഷ് പോർട്ടലിൽ ഉൾപ്പെടുത്താതെതന്നെ പട്ടയം നൽകാമെന്ന കേന്ദ്ര നിയമ ഭേദഗതിപ്രകാരം പട്ടയം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൊല്ലം വെസ്റ്റ് വില്ലേജിലെ പള്ളിത്തോട്ടം അനുഗ്രഹ നഗർ, സെഞ്ച്വറി നഗർ എന്നിവിടങ്ങളിൽ താമസിക്കുന്ന 250-ലധികം വരുന്ന മത്സ്യത്തൊഴിലാളികൾക്ക് നൂറുദിന കർമ്മപരിപാടിയിലുൾപ്പെടുത്തി പട്ടയം നൽകുന്ന നടപടി ഒക്ടോബർ മാസത്തിനകം പൂർത്തിയാക്കുന്നതാണ്. കടൽപുറമ്പോക്കിൽ ചട്ടപ്രകാരമുള്ള ദൂരപരിധിക്ക് അപ്പുറം താമസിക്കുന്ന ആളുകൾക്ക് പട്ടയം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും വീട് നിർമ്മിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനും എസ്.ഡി.ആർ.എഫ്.-ൽ നിന്ന് അനുവദിക്കുന്ന തുകയ്ക്കുപുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ

നിധിയിൽനിന്നുള്ള തുകകൂടി ചേർത്താണ് 4.50 ലക്ഷം രൂപ അനുവദിച്ചുവന്നിരുന്നതെന്നും ലൈഫ് മിഷൻ പദ്ധതിയിൽ വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയിൽനിന്ന് വീട് പുനരുദ്ധാരണത്തിന് നൽകിയ തുക കുറവുചെയ്യുന്ന നടപടി പുനഃപരിശോധിക്കുമെന്നും റവന്യൂ വകുപ്പിൽ അഴിമതിയുൾപ്പെടെയുള്ള വിഷയങ്ങൾ നേരിട്ട് റവന്യൂ വകുപ്പുമന്ത്രിയെ അറിയിക്കുന്നതിന് പ്രത്യേക ആപ്ലിക്കേഷൻ ആരംഭിക്കുമെന്നും കേരളത്തിലെ ജനങ്ങളുടെ പട്ടയ പ്രശ്നങ്ങൾ തീർപ്പാക്കുന്നതിനും പരമാവധി ആളുകൾക്ക് ഭൂമികൊടുക്കുന്നതിനുമുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

81(*542) <u>വിനോദസഞ്ചാര വികസന പദ്ധതികൾ</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, കേരളം സന്ദർശിക്കുന്ന വിദേശ/സ്വദേശ വിനോദ സഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള സന്ദർശനാനുഭവം പ്രദാനം ചെയ്യുന്നതിനായി വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്തെ പ്രധാന ഡെസ്റ്റിനേഷനുകളുടെ പ്രൗഢി

വർദ്ധിപ്പിക്കുന്ന പദ്ധതികളുടെ ഭാഗമായി കോവളം, ശംഖുമുഖം, വർക്കല, ഫോർട്ട് കൊച്ചി എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി യഥാക്രമം 3,66,83,104/- രൂപയുടെയും 2,01,48,812/- രൂപയുടെയും 3,72,40,171/- രൂപയുടെയും 2,82,07,491/- രൂപയുടെയും ഭരണാനുമതി നൽകുകയും കോവളത്ത് ടെൻഡർ നടപടികൾ പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. ഫ്ലോട്ടിംഗ് ബ്രിഡ്ജ്, ഗ്ലാസ് ബ്രിഡ്ജ്, കയാക്കിംഗ്, സർഫിംഗ് തുടങ്ങിയവ ആവിഷ്കരിച്ച് ഡെസ്റ്റിനേഷനുകൾ ആകർഷകമാക്കുകയും കാരവൻ/ഹെലി/സിനി/നൈറ്റ് ലൈഫ് ടൂറിസം, ലിറ്റററി ടൂറിസം സർക്യൂട്ട്, ബയോഡൈവേഴ്സിറ്റി സർക്യൂട്ട്, മലബാർ റിവർ ക്രൂയിസ്, പൈതൃക പദ്ധതികൾ തുടങ്ങിയ നൂതന പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്. ഓരോ പഞ്ചായത്തിലും ഒരു ഡെസ്റ്റിനേഷൻ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. കേരളത്തിലെ ടൂറിസം സാധ്യതകളുള്ള പുതിയ പ്രദേശങ്ങൾ (Unexplored Destination) കണ്ടെത്തി പ്രചാരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനോടൊപ്പം സ്ട്രീറ്റ്, വില്ലേജ് എക്സ്പീര്യൻഷ്യൽ ടൂറിസം, ഉത്തരവാദിത്ത ടൂറിസം ഗ്രാമം, സ്ത്രീ സൗഹാർദ്ദ ടൂറിസം തുടങ്ങിയ

പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ മികച്ച ടോയ്‌ലറ്റ് സൗകര്യം ഒരുക്കുകയും ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതി നടപ്പിലാക്കി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. മലബാറിലെ ടൂറിസം വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ മലബാർ ലിറ്ററി സർക്യൂട്ട്, മലബാർ റിവർ ക്രൂയിസ്, മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ച് സമഗ്ര വികസനം, ബേപ്പൂർ വാട്ടർ ഫെസ്റ്റ്, ചാമ്പ്യൻ ബോട്ട് ലീഗ്, മലബാർ കയാക്കിംഗ് & റിവർ ഫെസ്റ്റ്, കയാക്കിംഗ്/സർഫിംഗ് പരിശീലന കേന്ദ്രങ്ങൾ, ഫ്ലോട്ടിംഗ് ബ്രിഡ്ജ്, ബേക്കൽ ടൂറിസം വില്ലേജ് പദ്ധതി, കാരവൻ പാർക്ക്, ഹോട്ടൽ സമുച്ചയങ്ങൾ, പൊന്നാനി നിള മ്യൂസിയം, പൈതൃക ടൂറിസം പദ്ധതി, എൻ ഊര് ഗോത്ര പൈതൃക ടൂറിസം പദ്ധതി, തലശ്ശേരി ഹെറിറ്റേജ് പദ്ധതി, കോഴിക്കോട് നഗര ഇല്യൂമിനേഷൻ പദ്ധതി, വയനാട് കേന്ദ്രീകരിച്ച് പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിൻ, FAM പരിപാടി എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. ടൂറിസം സാധ്യത, തൊഴിൽ സൃഷ്ടി, അടിസ്ഥാന സൗകര്യങ്ങൾ, സുസ്ഥിര വികസനം, സാമൂഹ്യ-സാംസ്കാരിക പ്രാധാന്യം, സുരക്ഷ എന്നീ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഈ മേഖലയിൽ നിക്ഷേപം നടത്താൻ സാധിക്കുന്ന പദ്ധതികളാവിഷ്കരിക്കുകയും ടൂറിസം നിക്ഷേപക സംഗമത്തിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഡെസ്റ്റിനേഷൻ മാനേജ്മെന്റുകൾ ശക്തിപ്പെടുത്തുമെന്നും ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി കുറ്റിപ്പുറത്തിന് പുറമെ മറ്റ് സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുമെന്നും വനവുമായി ബന്ധപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ നടപ്പാത നിർമ്മിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുമെന്നും മലബാറിലെ ടൂറിസം മേഖല വികസിപ്പിക്കുന്നതിനായി പ്രത്യേക ബ്ലോഗ് മീറ്റുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഗൾഫ് രാജ്യങ്ങളിൽനിന്നുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പ്രത്യേക പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടെന്നും തെന്മല ഇക്കോ ടൂറിസം പദ്ധതിയുടെ സാധ്യതകൾ പരിശോധിക്കുമെന്നും പൊന്മുടിയിൽ ഇൻഫർമേഷൻ കിയോസ്ക്, കാരവൻ പാർക്ക് എന്നിവ സ്ഥാപിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

82(*543) വൊക്കേഷണൽ ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനത്തിന് പദ്ധതി

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ എൻ.എസ്.ക്യൂ.എഫ് പാഠ്യപദ്ധതി പ്രകാരമുള്ള ലെവൽ3/ലെവൽ4 കോഴ്സുകൾ നടത്തിവരുന്നുണ്ടെന്നും പ്രസ്തുത കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് 60 ദിവസത്തെ "സ്മാർട്ട് ഇൻഡസ്ട്രി

റെഡിനസ്സ് പ്രോഗ്രാം" മുഖേന ഫിനിഷിംഗ് സ്കിൽ ലഭ്യമാകുമെന്നും സഭയെ അറിയിച്ചു. ഫിഷറീസ്, ടൂറിസം മേഖലയിൽ കുട്ടികൾക്കായി നടത്തുന്ന പദ്ധതിയിലൂടെ സിലബസ് പ്രകാരമുള്ള പഠനപ്രക്രിയകൾ, പ്രായോഗിക പരിശീലനങ്ങൾ എന്നിവയ്ക്കുപുറമേ ഓൺ ദി ജോബ് ട്രെയിനിംഗ്, ഇൻഡസ്ട്രി വിസിറ്റ്, ഇൻഡസ്ട്രി എക്സ്പെർട്ട് ഇന്ററാക്ഷൻ എന്നിവയും നടപ്പിലാക്കിവരുന്നുണ്ട്. വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സുകൾ പാസ്സാകുന്ന വിദ്യാർത്ഥികൾക്കായി പൊതു/സ്വകാര്യ മേഖലയിലെ പ്രമുഖ കമ്പനികളെ പങ്കെടുപ്പിച്ചുകൊണ്ട് തൊഴിൽ മേളകൾ സംഘടിപ്പിച്ചതിലൂടെ 2023-ൽ 504 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്. സെക്കൻഡറി/ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി തലം കേന്ദ്രീകരിച്ച് STARS പദ്ധതിപ്രകാരം സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിന് അനുമതി ലഭിക്കുകയും പൈലറ്റ് അടിസ്ഥാനത്തിൽ 14 സെന്ററുകൾ ഉടൻ ആരംഭിക്കുകയും ചെയ്യുന്നതാണ്. ലൈഫ് സ്കിൽ ഫോർ ഫ്യൂച്ചർ എംപ്ലോയ്മെന്റ് എന്ന പദ്ധതിയിലൂടെ 560 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് അടിസ്ഥാന നൈപുണി പരിശീലനം നൽകുകയും പുതിയ പാഠ്യപദ്ധതിയിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകികൊണ്ട് 5, 7, 9 ക്ലാസ്സുകളിൽ അതിനനുയോജ്യമായ പ്രവർത്തന

പുസ്തകം തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. അഭ്യസ്തവിദ്യരായ നല്ലൊരു തൊഴിൽ ശക്തിയെ വികസിപ്പിച്ചുകൊണ്ട് വൈജ്ഞാനിക സമൂഹത്തെ സജ്ജമാക്കുന്നതിനും പ്രാദേശിക സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനുമുതകുന്നവിധത്തിൽ പ്രായത്തിന് അനുഗുണമായി തൊഴിൽ മനോഭാവവും നൈപുണിയും സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കാനുള്ള നടപടികളാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 വിഭാവനം ചെയ്യുന്നതെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

83(*544) <u>ഓഫീസ് സേവനങ്ങൾ വേഗത്തിലും സുതാര്യവുമാക്കാൻ നടപടി</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് റവന്യൂ വകുപ്പിന് കീഴിൽ വരുന്ന എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടർവൽക്കരണവും ഇ-ഓഫീസ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. എല്ലാ വില്ലേജുകൾക്കും വെബ്സൈറ്റ് തയ്യാറാക്കുകയും വിവിധ സർട്ടിഫിക്കറ്റുകൾ, പോക്കുവരവ്, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ, എൻഡോസൾഫാൻ നഷ്ടപരിഹാരം, തരം മാറ്റം തുടങ്ങിയ ഇരുപതോളം സേവനങ്ങൾ പൊതുജനങ്ങൾക്ക് ത്വരിതഗതിയിൽ ലഭ്യമാകുന്നതിന് ഇ-Governance/ഡിജിറ്റൽ പേമെന്റ് സംവിധാനങ്ങൾ നടപ്പിലാക്കുകയും ഭൂ നികുതി, കെട്ടിട നികുതി, അധിക

നികുതി എന്നിവ ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മൊബൈൽ അധിഷ്ഠിത ഭൂനികുതി പേമെന്റ് സംവിധാനത്തിലൂടെ നാളിതുവരെ 26,000-ഓളം പേമെന്റുകൾ നടന്നിട്ടുണ്ട്. ഡിജിറ്റൽ സർവേയുടെ ഭാഗമായി 200 വില്ലേജുകളുടെ ഡിജിറ്റൽ സർവേ പൂർത്തീകരിക്കുകയും ഭൂസംബന്ധമായ പ്രവർത്തനങ്ങൾക്ക് റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഡിജിറ്റൽ സംയോജിത പദ്ധതിയായ ILIMS, പൊതുജനങ്ങൾക്ക് സർവ്വേ സംബന്ധമായി ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് എന്റെ ഭൂമി പോർട്ടൽ എന്നിവയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് പരാതികളും അഭിപ്രായങ്ങളും സമർപ്പിക്കുന്നതിനായി പരാതി, പ്രവാസി മിത്രം, റവന്യൂ മിത്രം തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങളും ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും റവന്യൂ വകുപ്പിന്റെ ഓൺലൈൻ പോർട്ടലുകൾ access ചെയ്യുന്നതിനായി സിംഗിൾ സൈൻ ഓൺ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ സംവിധാനം, ഇലക്ട്രോണിക് മോർട്ട്ഗേജ് റെക്കോർഡർ, കോർട്ട് ഇൻഫർമേഷൻ ലിങ്കിംഗ്, സർപ്രൈസ് ഇൻസ്പെക്ഷൻ ഓൺലൈൻ പോർട്ടൽ എന്നീ സംവിധാനങ്ങളിലൂടെ ഭൂമിയുടെ കാര്യക്ഷമമായ കൈമാറ്റവും രേഖകളുടെ സുതാര്യതയും

ഉറപ്പാക്കുകയും 80-ഓളം വ്യത്യസ്ത സൂചികകളുടെ ഓൺലൈൻ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തി സംസ്ഥാനത്തെ വില്ലേജുകളുടെ പ്രവർത്തനമികവ് വിലയിരുത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ വിവിധ റവന്യൂ കോടതികളുടെ സമ്പൂർണ ഓട്ടോമേഷൻ, ആധുനിക User Interface/User Experience (UI/UX) സംവിധാനങ്ങളുടെ മികവ് ഉൾപ്പെടുത്തിയ സമ്പൂർണ മൊബൈൽ ആപ്പ്, KBT അപ്പീൽ പോർട്ടൽ, റവന്യൂ റിക്കവറി കുടിശ്ശിക തുകയുടെ ഡിജിറ്റൽ പേമെന്റ്, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സംവിധാനം, ലാൻഡ് അക്വിസിഷൻ മാനേജ്മെന്റ് സിസ്റ്റം, ഗ്രിവൻസ് ആൻഡ് ഇന്നവേഷൻ പോർട്ടൽ, പത്ത് വിദേശ രാജ്യങ്ങളിലുള്ള പ്രവാസികൾക്ക് ഭൂ സംബന്ധമായ പേമെന്റുകൾക്ക് വെബ് പോർട്ടൽ എന്നിവ സജ്ജമാക്കിവരുന്നുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ഏകജാലക സംവിധാനത്തിൽ KSWIFT-റവന്യൂ പോർട്ടലുകളുടെ സംയോജനം സാധ്യമാക്കി ഭൂമി തരം മാറ്റം, ഭൂനികുതി ഒടുക്കൽ, ലാൻഡ് സെർച്ച് എന്നിവയടക്കമുള്ള പത്തോളം സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഒറ്റത്തവണ കെട്ടിട നികുതിക്ക് അപ്പീൽ നൽകുന്നതിനും ഓൺലൈനായി ഫീസ് അടയ്ക്കുന്നതിനും ഹിയറിംഗ് നോട്ട്/അപ്പീൽ ഓർഡർ എന്നിവ ഡൗൺലോഡ് ചെയ്യുന്നതിനുമായി വെബ് പോർട്ടൽ

സംവിധാനമേർപ്പെടുത്തുമെന്നും പട്ടയഭൂമിയിൽ നട്ടുവളർത്തിയതും കിളിർത്തുവന്നതുമായ വൃക്ഷങ്ങൾ മുറിക്കുന്നതിന് കർഷകർക്ക് അവകാശം നൽകുന്നതിന് ചട്ടത്തിൽ ഭേദഗതിവരുത്തുന്ന കാര്യം പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**8**4(*545) സ്മാർട്ട് റോഡ് പദ്ധതി

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, കെ.ആർ.എഫ്.ബി. സ്മാർട്ട് സിറ്റി റോഡ് പ്രോജക്ടിന്റെ ഭാഗമായി നവീകരിക്കുന്ന 12 സ്മാർട്ട് റോഡുകളിൽ കലാഭവൻ മണി റോഡ്, മാനവീയം വീഥി എന്നീ റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും മറ്റെല്ലാ റോഡുകളും ഗതാഗത യോഗ്യമാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൂടാതെ 25 റോഡുകൾ BM&BC ടാറിംഗ്, ഫുട്പാത്ത്, ഓട എന്നിവ പൂർത്തിയാക്കി തുറന്നുകൊടുത്തിട്ടുണ്ട്. റോഡിനടിയിൽ നിർമ്മിക്കുന്ന ഡക്ടുകളിലൂടെ വിവിധ കേബിളുകൾ കടത്തി വിടുന്നതിനാൽ ഇലക്ട്രിക് പോസ്റ്റുകളും മറ്റും ഒഴിവാക്കാനും ജലവിതരണ പൈപ്പ് ലൈനുകൾ റോഡിന്റെ ഇരുവശത്തും സ്ഥാപിച്ച് കണക്ഷനുകൾ നൽകുന്നതിനാൽ ഭാവിയിൽ റോഡ് മുറിച്ച് ടാർ കട്ട് ചെയ്യുന്നത് ഒഴിവാക്കാനും സാധിക്കുന്നതാണ്. മാനവീയം വീഥി

സാംസ്കാരിക ഇടനാഴിയായി വികസിപ്പിച്ചതിനുപുറമെ തൈക്കാട് മുതൽ ആൽത്തറ വരെയുള്ള റോഡ് സൈക്കിൾ ട്രാക്ക് ഉൾപ്പെടെയുള്ള സജ്ജീകരണങ്ങളോടുകൂടി പുനർനിർമ്മിക്കുന്നതുമാണ്. ഡിസൈൻ റോഡുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുമെന്നും സംസ്ഥാനത്ത് പ്രധാനകേന്ദ്രങ്ങളിൽ സാംസ്കാരിക ഇടനാഴികൾ വികസിപ്പിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുമെന്നും നഗര റോഡ് വികസന പദ്ധതികൾക്കായി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന നടപടികൾ നടന്നുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.